# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2350 08.05.2017-ൽ മറുപടിക്ക്

### അധ്യാപക തസ്തിക നിർണ്ണയം വേഗത്തിലാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 2014 - 2015 അധ്യയന വർഷം അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിലെ അധ്യാപകർക്ക് ഇതുവരെയും അംഗീകാരവും ശമ്പളവും ലഭിച്ചിട്ടില്ലെന്ന കാര്യം സർക്കാർ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഉത്തരവുണ്ടായിട്ടും അധ്യാപക - വിദ്യാർത്ഥി അനുപാതം ക്ലാസ്സടിസ്ഥാനത്തിൽ നിർണ്ണയിച്ച് ആവശ്യമായ തസ്തിക തിട്ടപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ; <br><br> (സി) അധ്യാപക തസ്തിക നിർണ്ണയം എത്രയും വേഗം നടത്തുവാനും നിയമനങ്ങൾ അംഗീകരിക്കുവാനും സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ബി) & (സി) ഹയർ സെക്കന്ററി അദ്ധ്യാപകരുടെ നിലവിലെ ജോലിഭാരം സ്പെഷ്യൽ റൂൾസ് പ്രകാരം ആഴ്ചയിൽ 14 പിരീയഡുവരെ ക്ലാസ്സുകൾ എടുക്കുന്നവർ ഹയർ സെക്കന്ററി ജൂനിയർ അദ്ധ്യാപകരായും 24 പീരിയഡുകൾവരെയുള്ള ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നവർ ഹയർ സെക്കന്ററി സീനിയർ അദ്ധ്യാപകരായും പരിഗണിക്കപ്പെടുന്നു. ഇപ്പോൾ ശരാശരി 45 മിനിട്ടിന് താഴെയാണ് ഹയർ സെക്കന്ററി ക്ലാസ്സുകളിലെ പിരീഡിന്റെ ദൈർഘ്യം. അതനുസരിച്ച് 5 പ്രവൃത്തി ദിവസങ്ങളിലായി ഒരു ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ 10.5 മണിക്കൂറും സീനിയർ അദ്ധ്യാപകൻ ആഴ്ചയിൽ 16 മണിക്കൂറും പഠിപ്പിച്ചാൽ മതിയാകും. കൂടാതെ അധികമായി വരുന്ന 3 പിരീഡുകൾക്ക് ഒരു ജൂനിയർ അദ്ധ്യാപകനെ നിയമിക്കുവാനും നിലവിൽ വ്യവസ്ഥയുണ്ട്. അധികമായി വരുന്ന വെറും 3 പിരീഡുകൾക്ക് ഒരു ജൂനിയർ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നത് വൻപിച്ച സാമ്പത്തിക ബാധ്യത വരുമെന്നതിനാൽ ഹയർ സെക്കന്ററി അദ്ധ്യാപകരുടെ ജോലിഭാരം പുനഃക്രമീകരിക്കാനുള്ള ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.